# പതിനാലാം കേരള നിയമസഭ
## നാലാം സമ്മേളനം

നക്ഷത്ര ചിഹ്നമിടാത്ത
നിയമസഭാ ചോദ്യം നം. 1272

02.03.2017-ന് മറുപടിയ്ക്ക്

## പൊതുവിദ്യാലയങ്ങളെ പൊതുസ്വീകാര്യമാക്കാനുള്ള നടപടികൾ

**ചോദ്യം**

ശ്രീ.മുല്ലക്കര രത്നാകരൻ
ശ്രീമതി ഗീതാ ഗോപി
ശ്രീ.എൽദോ എബ്രഹാം

**മറുപടി**

പ്രൊഫ. സി. രവീന്ദ്രനാഥ്
(വിദ്യാഭ്യാസ വകുപ്പ് മന്ത്രി)

(എ) സംസ്ഥാനത്ത് പൊതുവിദ്യാഭ്യാസം സംരക്ഷിക്കുന്നതിന് ആവിഷ്കരിച്ച പൊതുവിദ്യാഭ്യാസ സംരക്ഷണമിഷന്റെ ഉദ്ദേശ്യലക്ഷ്യങ്ങൾ വ്യക്തമാക്കുമോ;

(എ) പൊതുവിദ്യാഭ്യാസ രംഗത്തെ നിലവിലുള്ള കുറവുകൾ പരിഹരിക്കുന്നതിനുവേണ്ടി മതനിരപേക്ഷ ജനാധിപത്യ ജനകീയ സമീപനരീതി ഉൾക്കൊണ്ടുകൊണ്ട് പൊതുവിദ്യാഭ്യാസരംഗം ആധുനികവൽക്കരിക്കുക എന്ന ഉദ്ദേശ്യത്തോടുകൂടി ആവിഷ്കരിച്ചിരിക്കുന്ന പദ്ധതിയായ 'പൊതുവിദ്യാഭ്യാസ സംരക്ഷണ യജ്ഞം' പദ്ധതിയുടെ ലക്ഷ്യങ്ങൾ ചുവടെ ചേർക്കുന്നു.

- പൂർണ്ണമായും ശിശുകേന്ദ്രീകൃതമാക്കി അംഗൻവാടി, പ്രീ-പ്രൈമറി സ്കൂളുകളിലെ വിദ്യാർത്ഥി സമീപന രീതി (പഠനരീതി) ആധുനികമായി പരിഷ്കരിക്കുകയും അതിനനുസരിച്ച് അദ്ധ്യാപക പരിശീലനം സംഘടിപ്പിക്കുകയും അഞ്ചുവയസ്സു വരെ കുട്ടി ആർജ്ജിക്കേണ്ട കാര്യങ്ങൾ ആർജ്ജിച്ചു എന്ന് ഉറപ്പു വരുത്തുകയും ചെയ്യുക.
- 1 മുതൽ 12 വരെ ഓരോ ക്ലാസ്സിലും കുട്ടി ആർജ്ജിക്കേണ്ട ശേഷികളും അന്താരാഷ്ട്ര നിലവാരമുള്ള ധാരണകളും കഴിവുകളും കഴിവിനനുസരിച്ച് നേടിയിട്ടുണ്ട് എന്ന് ഉറപ്പുവരുത്തുക

എ) പഠന വിഷയങ്ങളിലെ ആശയദൃഢത, കണക്ക്, സയൻസ്, ഐടി വിഷയങ്ങളിലെ കുട്ടിയുടെ ധാരണയും കഴിവും.

ബി) പാഠ്യേതര വിഷയങ്ങളിലെ വൈവിദ്ധ്യവും ആർജ്ജവവും.

സി) സാമൂഹ്യ രംഗത്തെ ധാരണ, പരിസ്ഥിതി ജ്ഞാനം തുടങ്ങിയവ

ഡി) ഭാഷാ ജ്ഞാനം, കമ്യൂണിക്കേഷൻ സ്കിൽ, ചുരുങ്ങിയത് 3 ഭാഷകളെങ്കിലും ഉപയോഗിക്കുവാൻ കഴിവ് ഉണ്ടാകും.

ഇ) കുട്ടികളിൽ ആരോഗ്യപരമായ അവസ്ഥ സൃഷ്ടിക്കുക.

- കുട്ടിയുടെ കഴിവ് കേവലം വിഷയ പഠനത്തിൽ ഒതുക്കാതെ സർഗ്ഗപരമായ എല്ലാ കഴിവുകളും വികസിപ്പിക്കുന്ന തരത്തിൽ സമഗ്രവികസനം ലക്ഷ്യമാക്കുക വഴി യഥാർത്ഥ വിദ്യാഭ്യാസ ലക്ഷ്യം കൈവരിച്ചിട്ടുണ്ടോയെന്ന് ഉറപ്പുവരുത്തുക
- അന്താരാഷ്ട്ര പഠന നിലവാരം ഉറപ്പുവരുത്തുന്നതിനാവശ്യമായ പഠനോപകരണങ്ങൾ വിദ്യാലയങ്ങളിൽ എത്തിക്കുക
- ഉന്നത നിലവാരത്തിലെ അദ്ധ്യാപനം ഉറപ്പാക്കത്തക്ക രീതിയിൽ അദ്ധ്യാപക പരിശീലനം ഉറപ്പുവരുത്തുക
- പാഠ്യേതര പഠനം ഉയർത്തുന്നതിനാവശ്യമായ ഭൗതിക, മാനസിക, സാംസ്കാരിക സൗകര്യങ്ങൾ ഒരുക്കുക
- കാർഷിക സംസ്കാരം പുതിയ തലമുറയിൽ വളർത്തിയെടുക്കുന്നതിനും മാലിന്യനിർമ്മാർജ്ജനം ഒരു സംസ്കാരമായി രൂപപ്പെടുത്തിയെടുക്കുന്നതിനും ഉതകുക.
- മദ്യപാനം, മയക്കമരുന്ന് ഉപയോഗം എന്നിവ പുതിയ തലമുറയിൽ നിന്ന് ഒഴിവാക്കാനാവുന്ന തരത്തിൽ ഇടപെടലുകൾ നടത്തുക വഴി സംസ്കാര സമ്പന്നമായ ഒരു പുതുതലമുറയെ വാർത്തെടുക്കുക.
- പ്ലാസ്റ്റിക് മുക്ത - കീടനാശിനി മുക്ത - ലഹരി മുക്ത കാമ്പസുകൾ സൃഷ്ടിക്കുക

- "ക്യാമ്പസ് തന്നെ പാഠപുസ്തകം" എന്ന ആശയത്തെ ജനകീയമായി വികസിപ്പിച്ചെടുക്കുക വഴി പ്രകൃതിക്കിണങ്ങിയ 10,000 മാതൃകാ തുരുത്തുകൾ കേരളത്തിൽ സൃഷ്ടിക്കുക.
- സ്കൂൾ തലത്തിൽ കുട്ടികളുടെ കൊഴിഞ്ഞുപോക്ക് ഇല്ലാത്ത അവസ്ഥ നേടുക
- അനന്യമായൊരു ജനകീയ വിദ്യാഭ്യാസ മാതൃക കേരളത്തിൽ സൃഷ്ടിക്കുക.
- വിദ്യാഭ്യാസത്തിന്റെ സമസ്ത തലങ്ങളിലും അന്താരാഷ്ട്ര മാതൃക വികസിപ്പിക്കുക.
- പിന്നോക്കം നിൽക്കുന്ന വിഭാഗങ്ങൾക്ക് പ്രത്യേക പരിഗണനകൾ നൽകി മുഖ്യധാരയിലെത്തിക്കുക.
- വിദ്യാഭ്യാസത്തിന്റെ ജനാധിപത്യവൽക്കരണം അർത്ഥപൂർണ്ണമാക്കുക
- വോട്ടവകാശം ലഭിക്കുമ്പോൾ തന്നെ തൊഴിലെടുക്കുവാനുള്ള കഴിവ് വികസിപ്പിക്കുവാൻ ലക്ഷ്യമിട്ട് സ്കിൽ ഡവലപ്പ്മെന്റ് പരിപാടി സമഗ്രമാക്കുക വഴി കുട്ടികളിൽ സ്വയംപര്യാപ്തത കൈവരിക്കുവാൻ പ്രാപ്തരാക്കുക.
- സ്കൂൾ വായനശാലകളും ലാബറട്ടറികളും ആധുനികവൽക്കരിക്കുക വഴി കുട്ടികളുടെ പഠന നിലവാരം ഉയർത്തുക.
- സ്കൂൾ കുട്ടികൾക്ക് കൗൺസലിങ് സൗകര്യങ്ങൾ ഉണ്ടാക്കുക
- വിദ്യാഭ്യാസ സ്ഥാപനങ്ങളുടെ പ്രവർത്തനങ്ങൾ നിരീക്ഷിക്കുവാൻ ജനകീയ സംവിധാനങ്ങൾ ഒരുക്കുക

(ബി) ആയിരം പൊതുവിദ്യാലയങ്ങളെ അന്താരാഷ്ട്ര നിലവാരത്തിലെത്തിക്കുന്നതിന് എന്തൊക്കെ നടപടികളാണ് സ്വീകരിച്ചുവരുന്നത്;

(ബി) ആയിരം പൊതുവിദ്യാലയങ്ങളെ അന്താരാഷ്ട്ര നിലവാരത്തിലെത്തിക്കുന്നതിന്റെ ഭാഗമായി ബന്ധപ്പെട്ട വിദ്യാലയങ്ങളുടെ ഭൗതിക സാഹചര്യങ്ങൾ മെച്ചപ്പെടുത്തുന്നതിനും സ്കൂളുകൾക്കാവശ്യമായ നവീകരണ പ്രവർത്തനങ്ങൾ നടത്തുന്നതിനും

ശിശുകേന്ദ്രീകൃതമായ അദ്ധ്യയനം നടപ്പിൽ വരുത്തുന്നതിന്റെ ഭാഗമായി കാലാനുസൃതമായ അദ്ധ്യാപന പരിശീലന പരിപാടികൾ കൂടി ഉൾപ്പെടുത്തി വിവരസാങ്കേതിക വിദ്യാധിഷ്ഠിതമായി പുതുക്കിയ പാഠ്യപദ്ധതി പ്രവർത്തനങ്ങൾ നടപ്പിൽ വരുത്തുന്നതിനുള്ള നടപടികളും പുരോഗമിച്ചുവരുന്നു. കൂടാതെ കുട്ടികളുടെ നൈസർഗ്ഗികമായ അക്കാദമികേതര/ പാഠ്യേതര കഴിവുകൾ പരിപോഷിപ്പിക്കുന്നതിനുള്ള സംവിധാനങ്ങളും പൊതുവിദ്യാഭ്യാസ സംരക്ഷണ യജ്ഞത്തിന്റെ ഭാഗമായി നടപ്പിൽ വരുത്തുന്നതിനുള്ള നടപടികൾ പുരോഗമിച്ചുവരുന്നു.

(സി) ഇംഗ്ലീഷ് ഭാഷാപഠനത്തിൽ പിന്നാക്കം നിൽക്കുന്നതുകൊണ്ടാണ് പൊതുവിദ്യാലയങ്ങളോട് ജനങ്ങൾക്ക് താല്പര്യക്കുറവ് എന്നത് കണക്കിലെടുത്ത് ഈ വിദ്യാലയങ്ങളിൽ ഇംഗ്ലീഷ് ഭാഷാപഠനത്തിനും പരിശീലനത്തിനും ഊന്നൽ നൽകുമോ;

(സി) പൊതുവിദ്യാഭ്യാസ സംരക്ഷണ യജ്ഞം പദ്ധതിയുടെ ഭാഗമായി ഇംഗ്ലീഷ് ഭാഷാപഠനത്തിന് പ്രോത്സാഹനം നൽകുന്നതിന് ഉതകുന്ന പദ്ധതികൾ ആവിഷ്കരിച്ചിട്ടുണ്ട്.

(ഡി) ദരിദ്രകുടുംബങ്ങളിൽ നിന്നും സ്കൂളിലെത്തുന്ന കുരുന്നുകളുടെ മാനസിക ശാരീരിക പ്രത്യേകതകൾ കണക്കിലെടുത്ത് അവർക്കാവശ്യമായ വിദ്യാഭ്യാസം നൽകുന്നതിന് അദ്ധ്യാപകരെ പ്രാപ്തരാക്കുന്ന തരത്തിൽ പരിശീലനം നൽകുന്നതിന് നടപടി സ്വീകരിക്കുമോ?

(ഡി) നടപടികൾ സ്വീകരിച്ചുവരുന്നു.

സെക്ഷൻ ഓഫീസർ